## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1993. 15.07.2016 -ലെ മറുപടിക്ക്.

### ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. കെ. ദാസൻ**<br>**ശ്രീ. പി. കെ. ശശി**<br>**ശ്രീ. കാരാട്ട് റസാഖ്** | **ശ്രീ. ടി. പി. രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ ചട്ടപ്രകാരം പ്രാവർത്തികമാക്കേണ്ട ഓഡിറ്റും, കൂടാതെ ഇന്റേണൽ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് എന്നിവയും നിലവിലുണ്ട്. ഈ ഓഡിറ്റുകൾ മുഖാന്തിരം സാമ്പത്തികവും, ഭരണപരവുമായ കാര്യങ്ങൾ വിലയിരുത്താറുണ്ട്. ബോർഡുകളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിക്കു മുമ്പാകെ സമർപ്പിച്ചുവരുന്നു. കൂടാതെ ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 07/08/2012 ലെ സ.ഉ (എം.എസ്) നം.115/12/തൊഴിൽ ഉത്തരവ് പ്രകാരം തൊഴിലും നൈപുണ്യം വകുപ്പിന്റെ കീഴിൽ പരിശോധന വിഭാഗം രൂപികരിച്ചിട്ടുണ്ട്. ടി പരിശോധന വിഭാഗം ബോർഡ് കാര്യാലയങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) വിവിധ ക്ഷേമനിധികളിലേയ്ക്കുള്ള അംശാദായവും മാച്ചിംഗ് ഗ്രാന്റും നൽകുന്നത് ക്ഷേമനിധി അംഗങ്ങളെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഓരോ ക്ഷേമനിധികളിലും അംഗങ്ങൾ വളരെ കുറഞ്ഞ തുകയാണ് അംശാദായമായി ഒടുക്കുന്നത്. ടി തുക മൂന്ന് മാസം, ആറു മാസം, ഒമ്പത് മാസം, ഒരു വർഷം എന്നിങ്ങനെ വ്യത്യസ്ത തവണകളിലും ഒരുമിച്ചും ഒടുക്കുന്നതിനുമുള്ള സൗകര്യം ഉണ്ട്. ഓരോ തൊഴിലാളിക്കും നേരിട്ട് അതാത് ഓഫീസുകളിൽ എത്തിയോ, ദൂതൻ മുഖേനയോ, ബാങ്ക് മുഖേനയോ അംശാദായം ഒടുക്കാവുന്നതാണ്. തൊഴിലാളികൾ ഒടുക്കുന്ന |

അംശാദായ തുകയ്ക്ക് ആനുപാതികമായി മാച്ചിംഗ് ഗ്രാന്റ് നൽകുന്നത് സർക്കാരാണ്. തൊഴിലാളികളിൽ നിന്നും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ തുക പിരിച്ചെടുക്കാറില്ല.

| | |
|---|---|
| (സി) ക്ഷേമനിധി ബോർഡുകളെല്ലാം അടിയന്തിമായി പുന:സംഘടിപ്പിച്ച് അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമാക്കുമോ? | (സി) സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കാര്യാലയങ്ങളിൽ പരിശോധന - പരിശോധനാ വിഭാഗം രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്

സ.ഉ. (എം.എസ്)നമ്പർ 115/12/തൊഴിൽ തീയതി, തിരുവനന്തപുരം 07/8/2012.

## ഉത്തരവ്

തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിൽ നിന്നും അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട വകുപ്പിലെ ഒരു സെക്ഷൻ ഓഫീസറെയും ഒരു അസിസ്റ്റന്റിനെയും ഉൾപ്പെടുത്തി പരിശോധനാ വിഭാഗം രൂപീകരിച്ചും ടി പരിശോധനാ വിഭാഗം വർഷത്തിൽ രണ്ട് തവണ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലും മറ്റ് ഓഫീസുകളിൽ വർഷത്തിൽ ഓരോ തവണയും പരിശോധനകൾ നടത്തേണ്ടതാണ് എന്നും ഉത്തരവാകുന്നു.

പരിശോധിക്കേണ്ട കാര്യങ്ങൾ:

1. ക്ഷേമനിധി അംഗങ്ങളുടെ ആവശ്യങ്ങൾ യഥാസമയം നിറവേറ്റി കൊടുക്കാറുണ്ടോ;
2. സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നുണ്ടോ;
3. ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ;
4. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടോ;
5. സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ;
6. ഭരണചെലവ് സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിക്ക് ഉള്ളിലാണോ;
7. വാർഷിക ഭരണ റിപ്പോർട്ട് യഥാസമയം സർക്കാരിൽ സമർപ്പിക്കാറുണ്ടോ;
8. എസ്റ്റാബ്ലിഷ്മെന്റ് ക്രമക്കേടുകൾ നടക്കുന്നുണ്ടോ;
9. നിലവിലുള്ള ജീവനക്കാരുടെ എണ്ണം, അവരുടെ നിയമനം സംബന്ധിച്ചവ;
10. അന്യത്രസേവനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 21/6/2012-ലെ 14759/ജെ2/2012/തൊഴിൽ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ;

JSK/

11. ആഡിറ്റ് ഒബ്ജക്ഷനുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടോ
12. സമയബന്ധിതമായി നിയമപ്രകാരമുള്ള ആഡിറ്റ് നടത്തുന്നുണ്ടോ;

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
അനിൽ.എക്സ്,
ഗവൺമെന്റ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
തൊഴിലും പുനരധിവസാവും (ബി/ഡി/എച്ച്/ജെ/ഇ) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, ചെറുന്നിയൂർ ടവേഴ്സ്, ഒന്നാം നില, വഞ്ചിയൂർ (പി.ഒ), തിരുവനന്തപുരം-35.
ചീഫ് എക്സിക്യൂട്ടീവ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ - 680 004.
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കെ.സി.പി. ബിൽഡിംഗ്സ്, ആര്യശാല, തിരുവനന്തപുരം.
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള്-ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, ഉള്ളൂർ, തിരുവനന്തപുരം -11.
സെക്രട്ടറി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, മേട്ടുക്കട, തൈക്കാട്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, അങ്കമാലി സൌത്ത് (പി.ഒ), പിൻ - 683573.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.പി.സി.എ റോഡ്, കണ്ണൂർ-2.
ചീഫ് എക്സിക്യൂട്ടീവ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി തൊഴിലാളി ക്ഷേമനിധി ബോർഡ്, മുണ്ടയ്ക്കൽ വെസ്റ്റ് (പി.ഒ), കൊല്ലം - 691 001.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, താളിക്കാവ്, കണ്ണൂർ - 670 001.
ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, പി.ബി.നമ്പർ 2017, എസ്.ആർ.എം.റോഡ്, എറണാകുളം - 682 018.
ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം - 691 001.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, കോട്ടയം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ജ്വവലറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ചെന്തിട്ട, തിരുവനന്തപുരം.
സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സെക്രട്ടറിയുടെ പി.എ
അഡീഷണൽ സെക്രട്ടറിയുടെ സി.എ
ജോയിന്റ് സെക്രട്ടറിയുടെ സി.എ

JSK/